ശ്രീ. ആർ. ശങ്കർ : ആ റിപ്പോർട്ട് കിട്ടുന്നതുവരെ ഇപ്പോഴത്തെ പോലെ കാര്യങ്ങൾ നടത്തും ഉദ്യോഗസ്ഥന്മാരുടെ കാലതാമസം ഒഴിവാക്കുന്നതിനു് അടിക്കടി നിർദ്ദേശങ്ങൾ നൽകുന്നുണ്ടു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഇന്നുള്ള ഈ ഡി. ഈ. ഓ. മാരിൽ അനേകം പേരും പെൻഷൻ നോക്കിയിരിക്കുന്ന 54, 55 വയസ്സിനോടടുത്ത ആളുകളായതുകൊണ്ടാണു് ഇങ്ങനെ കാലതാമസമുണ്ടാകുന്നതെന്നുള്ള വസ്തുതയെ കണക്കിലെടുത്തുകൊണ്ടു് ഒരു ക്ലിപ്തശതമാനം ജോലിചെയ്യാൻ സാമർത്ഥ്യവും പ്രാപ്തിയുമുള്ള ചെറുപ്പക്കാരായ ആളുകളെ നേരിട്ടു ഡി. ഈ. ഓ. മാരായി നിയമിക്കുന്ന കാര്യം ഗവണ്മെൻറു് ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അഡ്മിനിസ്ട്രേറ്റീവു് റിഫാമിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ കാര്യവും വരുന്നതാണു്.

ശ്രീ. കെ. കൃഷ്ണപിള്ള : മാനേജരന്മാർ റിപ്പോർട്ട് അയയ്ക്കുന്നതിൽ കാലതാമസം വരുത്തുന്നു. കെ. ഈ. ആർ. പ്രകാരം അങ്ങനെ ഒരു മാസത്തിലധികം കാലതാമസം വരികയാണെങ്കിൽ ഡി. ഈ. ഓ. മാർ സ്വന്തമായ അധികാരം ഉപയോഗിച്ചു് ഇൻക്രിമെൻറു് കൊടുക്കാവുന്നതാണു്. അങ്ങനെ ഏതെങ്കിലും ഡി. ഈ. ഓ. സ്വന്തമായ അധികാരം ഉപയോഗിച്ച ആരുടേയെങ്കിലും ഒരു ഇൻക്രിമെൻറെങ്കിലും സാങ്ഷൻ ചെയ്തിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകമായി ചോദിച്ചാലെ പറയുവാൻ നിർവാഹമുള്ളൂ.

ശ്രീ. സി. അച്യുതമേനോൻ : ഡി. ഈ. ഓ. മാരുടെ വീഴ്ചകൊണ്ടു മാത്രം ഇൻക്രിമെൻറു് കൊടുക്കുവാൻ സാധിക്കാതെവന്നിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ ഏതെങ്കിലും ഡി. ഈ. ഓ. ശിക്ഷയ്ക്കു വിധേയനായിട്ടുണ്ടോ ? ആരുടെയെങ്കിലും ഒരു ഇൻക്രിമെൻറെങ്കിലും ഇതിൻെറ അടിസ്ഥാനത്തിൽ തടഞ്ഞുവച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഡി. ഈ. ഓ. യുടെ വീഴ്ചയാണെന്നു വ്യക്തമായിട്ടു ബോദ്ധ്യപ്പെടുന്നപക്ഷം ആ, ഡി. ഈ. ഓ. യുടെ പേരിൽ ശിക്ഷണനടപടികൾ എടുക്കുന്നതിനു മടി കാണിക്കുകയില്ല.

കേരള സംസ്കൃതപണ്ഡിത പരിഷത്തിൻെറ മെമ്മോറാണ്ടം

* 273. [12] ശ്രീ. പി. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്കൃതപണ്ഡിത പരിഷത്തു് മുഖ്യമന്ത്രിക്കു് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയാണു് ;

(സി) അവ അനുവദിക്കുവാൻ ഗവണ്മെൻറു് എന്തു നടപടികൾ എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പ്രസ്തുത പരിഷത്തിൻെറ മെമ്മോറാണ്ടം കിട്ടിയിട്ടില്ല. അഖിലകേരള സംസ്കൃത പരിഷത്തു് ഏതാനും പ്രമേയങ്ങൾ അയച്ചിട്ടുണ്ടു്.

(ബി) ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു് †

(സി) ഇതു പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇതിലേയ്ക്കു ഒരു കമ്മിറ്റിയെ വച്ചിരുന്നല്ലോ ആ കമ്മിറ്റിയുടെ റിപ്പോർട്ടു് കിട്ടിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതു പരസ്യപ്പെടുത്താമോ ?

---

‡ Appendix II

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : അങ്ങനെയൊരു റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. ആർ. വിജയൻ : സംസ്കൃതവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി സമ്മതിക്കുകയുണ്ടായി. അവർക്കു നൽകുവാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങളും എന്തെല്ലാമാണു്.

ശ്രീ. ആർ. ശങ്കർ : ഇതിൽ ഉന്നതവിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഒട്ടുവളരെ സ്കോളർഷിപ്പു നൽകിയിട്ടുണ്ട്. അതു കാളേജു ലെവലിലാണു്. ഹൈസ്കൂളിന്റെ കാര്യം പ്രത്യേകമായി ആലോചിച്ചിട്ടില്ല. ഇപ്പോഴും ഗവണ്മെന്റു ആലോചിച്ചുകൊണ്ടിരിക്കുകയാണു് എന്നുപ്രോത്സാഹനമാണു് അവർക്കു നൽകാവുന്നതു് എന്നു്. പൊതുവിലുള്ള അനുഭവം സംസ്കൃതവിദ്യാഭ്യാസത്തിനു് പണ്ടത്തേപ്പോലെ അഭിരുചി ഇപ്പോഴും കാണിക്കുന്നില്ല എന്നാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : പട്ടാമ്പി സംസ്കൃത കാളേജിന്റെ ആസന്നമായ മരണത്തിനു വല്ല സഞ്ജീവനി പ്രയോഗവും നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ആ കേസു് വളരെ സീരിയസാണെങ്കിലും അസാധ്യമാണെന്നു ഇതുവരെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ : സംസ്കൃത വിദ്യാഭ്യാസ പ്രചരണാർത്ഥം കേന്ദ്രഗവണ്മെൻറിൽനിന്നും ഈ ഗവണ്മെൻറിനു് പ്രത്യേക സഹായം വല്ലതും ലഭിക്കുന്നുണ്ടോ ? ഇൻഡ്യാഗവണ്മെൻറിനു അങ്ങനെ വല്ല സ്കീമുമുണ്ടോ ? ഉണ്ടെങ്കിൽ അസാധ്യമായ കേസു് എന്നുള്ളതു വളരെ വിദൂരസ്ഥമായ ഒന്നാക്കാൻ കഴിയും. ഏതായാലും സ്വന്തം കൈകൊണ്ടു ഉദകക്രിയ ചെയ്യുന്നതിനുമുമ്പു പുനശ്ശേരി നീലകണ്ഠശർമ്മയുടെ സ്മരണയെ നിലനിറുത്താൻ വേണ്ടി സ്ഥാപിച്ചിട്ടുള്ള ആ സ്ഥാപനം പുനർജീവിപ്പിക്കുന്നതിനു ശ്രമിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആ കാളേജുമായി വളരെയേറെ സെൻറിമെൻറുണ്ടു്. പക്ഷേ ഈ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടു്. യഥാർത്ഥത്തിൽ അതു ഉയർത്തിക്കൊണ്ടുവരണമെന്നു ഗവണ്മെൻറിനും ആഗ്രഹമുണ്ടു്. അടുത്ത കാലത്തു രണ്ടിലൊന്നു തീരുമാനിച്ചു മുമ്പോട്ടു പോകാം എന്നു വിചാരിക്കുകയാണു്.

ടൈബൽ ബ്ലോക്കു്

* 274. [13] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കെ വയനാട്ടിലേക്കു ഒരു ടൈബൽബ്ലോക്കു് അനുവദിക്കുന്ന കാര്യം എത്രത്തോളമായി ;

(ബി) വടക്കെ വയനാട്ടിലെ ഏതെല്ലാം അംശങ്ങളാണു് ഉൾപ്പെടുത്തിക്കൊണ്ടാണു് ഈ ബ്ലോക്കു് സ്ഥാപിക്കുക ;

(സി) ബ്ലോക്കിന്റെ വിശദവിവരങ്ങളും പറയാമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ, ബി, സി) വടക്കേ വയനാട്ടിലേക്കു ഒരു ടൈബൽ ബ്ലോക്കു് അനുവദിക്കുവാൻ സാധ്യമല്ല എന്നു കേന്ദ്രഗവണ്മെൻറു് അറിയിച്ചിട്ടുണ്ടു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പത്തനംതിട്ട, പത്തനാപുരം കൊട്ടാരക്കര താലൂക്കിന്റെ കിഴക്കൻപ്രദേശങ്ങളും ഇവ ഉൾപ്പെടുത്തി ഒരു ടൈബൽ ബ്ലോക്കു അനുവദിക്കേണ്ടതാണെന്നുള്ള ശുപാർശ കേന്ദ്രഗവണ്മെൻറിന്റെ മുമ്പിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly